**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1402** **12-02-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം ഗവ. യു.പി. സ്കൂളിന് വാഹനം വാങ്ങുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം സർക്കാർ യു.പി. സ്കൂളിൽ പുതിയ വാഹനം വാങ്ങുന്നതിന് എം.എൽ.എ.യുടെ 2023-24-ലെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് പതിനേഴ് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് (തിരുവനന്തപുരം ജില്ലാ കളക്ടറുടെ 08.02.2024 തീയതിയിലെ എം.എസ്.-1035/2024 നമ്പർ ഓർഡർ) നൽകിയെങ്കിലും പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വാഹനം വാങ്ങി നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | എം.എൽ.എ - മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ടി പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും BAMS - ൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അതാത് ഡി.ഡി.ഇ മാർക്ക് അലോട്ട്മെന്റ് നൽകുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ എം.എൽ.എ - മാരുടെ പ്രത്യേക വികസന ഫണ്ട് മുഖാന്തിരം സ്കൂൾ ബസ് വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്നത് അതാത് ഡി.ഡി.ഇ മാരും ജില്ലാ കളക്ടർമാരുമാണ്. ടി പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലോ സർക്കാരിലോ സമർപ്പിക്കേണ്ടതില്ല. പ്രത്യേക വികസന ഫണ്ടിൽ നിന്നും വാങ്ങുന്ന ബസുകൾക്ക് തുക അനുവദിക്കുന്നത് അതാത് ജില്ലാ കളക്ടർമാരാണ് .<br><br>വാമനപുരം സർക്കാർ യു.പി സ്കൂളിൽ പുതിയ സ്കൂൾ ബസ് വാങ്ങുന്നതിന് എം.എൽ.എ - യുടെ 2023-24 - ലെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് പതിനേഴ് ലക്ഷം രൂപ- അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ 08/02/2024 - ലെ എം.2/1035/2024 നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി പ്രഥമാധ്യാപകനെയാണ് നിയമിച്ചിരുന്നത്. എന്നാൽ എം.എൽ.എ - യുടെ പ്രത്യേക വികസന പദ്ധതിയിൽ നിർവഹണ ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ ഉപഡയറക്ടറാണ്. ആയതിൻ പ്രകാരം പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ ഉപഡയറക്ടറെ നിയമിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നടപടി ക്രമങ്ങളിലെ |

| | | | |
|---|---|---|---|
| | | | ന്യൂനതകൾ പരിഹരിച്ചതിനാൽ വാഹനം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. പുതിയ ഉത്തരവിൽ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ചതിന്റെ അടിസ്ഥാനത്തിലും എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നുള്ള ഫണ്ട് ആയതിനാലും വാഹനത്തിന്റെ ഇൻവോയിസും മറ്റ് രേഖകളും തുക അനുവദിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട് .<br><br>ഭരണാനുമതി നൽകുന്നതിന് സമർപ്പിച്ചിരുന്ന ഇൻവോയിസ് തുക തന്നെയാണ് (അടിസ്ഥാന വില ജി.എസ്.ടി ഉൾപ്പെടെ 16,22,453/- രൂപ, റോഡ് ടാക്സ്, ഇൻഷുറൻസ് തുടങ്ങിയവ 77,547/- രൂപ - ആകെ 17.00,000/- രൂപ) നിലവിൽ തുക അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിലും നൽകിയിരിക്കുന്നത്. തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത ഉത്തരവിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | എം.എൽ.എ - മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ടി പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും BAMS - ൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അതാത് ഡി.ഡി.ഇ മാർക്ക് അലോട്ട്മെന്റ് നൽകുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ എം.എൽ.എ - മാരുടെ പ്രത്യേക വികസന ഫണ്ട് മുഖാന്തിരം സ്കൂൾ ബസ് വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്നത് അതാത് ഡി.ഡി.ഇ മാരും ജില്ലാ കളക്ടർമാരുമാണ്. ടി പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലോ സർക്കാരിലോ സമർപ്പിക്കേണ്ടതില്ല. പ്രത്യേക വികസന ഫണ്ടിൽ നിന്നും വാങ്ങുന്ന ബസുകൾക്ക് തുക അനുവദിക്കുന്നത് അതാത് ജില്ലാ കളക്ടർമാരാണ് .<br><br>വാമനപുരം സർക്കാർ യു.പി സ്കൂളിൽ പുതിയ സ്കൂൾ ബസ് വാങ്ങുന്നതിന് എം.എൽ.എ - യുടെ 2023-24 - ലെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് പതിനേഴ് ലക്ഷം രൂപ- അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ 08/02/2024 - ലെ എം.2/1035/2024 നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി പ്രഥമാധ്യാപകനെയാണ് നിയമിച്ചിരുന്നത്. എന്നാൽ എം.എൽ.എ - യുടെ |

| | | | |
|---|---|---|---|
| | | | പ്രത്യേക വികസന പദ്ധതിയിൽ നിർവഹണ ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ ഉപഡയറക്ടറാണ്. ആയതിൻ പ്രകാരം പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ ഉപഡയറക്ടറെ നിയമിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നടപടി ക്രമങ്ങളിലെ ന്യൂനതകൾ പരിഹരിച്ചതിനാൽ വാഹനം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. പുതിയ ഉത്തരവിൽ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ചതിന്റെ അടിസ്ഥാനത്തിലും എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നുള്ള ഫണ്ട് ആയതിനാലും വാഹനത്തിന്റെ ഇൻവോയിസും മറ്റ് രേഖകളും തുക അനുവദിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട് .<br><br>ഭരണാനുമതി നൽകുന്നതിന് സമർപ്പിച്ചിരുന്ന ഇൻവോയിസ് തുക തന്നെയാണ് (അടിസ്ഥാന വില ജി.എസ്.ടി ഉൾപ്പെടെ 16,22,453/- രൂപ, റോഡ് ടാക്സ്, ഇൻഷുറൻസ് തുടങ്ങിയവ 77,547/- രൂപ - ആകെ 17.00,000/- രൂപ) നിലവിൽ തുക അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിലും നൽകിയിരിക്കുന്നത്. തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി) | യഥാസമയം വാഹനം വാങ്ങി നൽകാൻ കഴിയാതിരുന്നതുമൂലം പ്രസ്തുത കാലയളവിൽ വാഹന വിലയിലുണ്ടാകുന്ന വർദ്ധനവ് ഏത് രീതിയിൽ പരിഹരിക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | എം.എൽ.എ - മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ടി പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും BAMS - ൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അതാത് ഡി.ഡി.ഇ മാർക്ക് അലോട്ട്മെന്റ് നൽകുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ എം.എൽ.എ - മാരുടെ പ്രത്യേക വികസന ഫണ്ട് മുഖാന്തിരം സ്കൂൾ ബസ് വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്നത് അതാത് ഡി.ഡി.ഇ മാരും ജില്ലാ കളക്ടർമാരുമാണ്. ടി പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലോ സർക്കാരിലോ സമർപ്പിക്കേണ്ടതില്ല. പ്രത്യേക വികസന ഫണ്ടിൽ നിന്നും വാങ്ങുന്ന ബസുകൾക്ക് തുക അനുവദിക്കുന്നത് അതാത് ജില്ലാ കളക്ടർമാരാണ് .<br><br>വാമനപുരം സർക്കാർ യു.പി സ്കൂളിൽ പുതിയ സ്കൂൾ ബസ് വാങ്ങുന്നതിന് എം.എൽ.എ - യുടെ 2023-24 - ലെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് പതിനേഴ് |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ- അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ 08/02/2024 - ലെ എം.2/1035/2024 നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി പ്രഥമാധ്യാപകനെയാണ് നിയമിച്ചിരുന്നത്. എന്നാൽ എം.എൽ.എ - യുടെ പ്രത്യേക വികസന പദ്ധതിയിൽ നിർവഹണ ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ ഉപഡയറക്ടറാണ്. ആയതിൻ പ്രകാരം പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ ഉപഡയറക്ടറെ നിയമിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നടപടി ക്രമങ്ങളിലെ ന്യൂനതകൾ പരിഹരിച്ചതിനാൽ വാഹനം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. പുതിയ ഉത്തരവിൽ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ചതിന്റെ അടിസ്ഥാനത്തിലും എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നുള്ള ഫണ്ട് ആയതിനാലും വാഹനത്തിന്റെ ഇൻവോയിസും മറ്റ് രേഖകളും തുക അനുവദിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട് .<br><br>ഭരണാനുമതി നൽകുന്നതിന് സമർപ്പിച്ചിരുന്ന ഇൻവോയിസ് തുക തന്നെയാണ് (അടിസ്ഥാന വില ജി.എസ്.ടി ഉൾപ്പെടെ 16,22,453/- രൂപ, റോഡ് ടാക്സ്, ഇൻഷുറൻസ് തുടങ്ങിയവ 77,547/- രൂപ - ആകെ 17.00,000/- രൂപ) നിലവിൽ തുക അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിലും നൽകിയിരിക്കുന്നത്. തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ